**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 11** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>ഡൽഹിയിലെ പ്രത്യേക പ്രതിനിധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** സംസ്ഥാന സർക്കാരിന്റെ പ്രത്യേക പ്രതിനിധിയായി ഡൽഹിയിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണ് നിയമിച്ചതെന്നും എന്ന് മുതലാണ് നിയമിച്ചതെന്നുമുള്ള വിശദവിവരം നൽകാമോ;

**<u>മറുപടി:</u>** സർക്കാരിന്റെ ഡൽഹിയിലെ പ്രത്യേക പ്രതിനിധിയായി പ്രൊഫ. കെ.വി തോമസിനെ നിയമിച്ച് 20.01.2023-ന് ഉത്തരവായിരുന്നു.

**(ബി)** സർക്കാരിന്റെ പ്രത്യേക പ്രതിനിധിക്ക് അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ, ശമ്പളം, മറ്റു ആനുകൂല്യങ്ങൾ എന്നിവയുടെ വിശദവിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പ്രതിമാസം പരമാവധി 1,00,000/- രൂപ ഓണറേറിയം അനുവദിച്ചിട്ടുണ്ട്. പ്രത്യേക പ്രതിനിധിയ്ക്ക് വേണ്ടി പ്രൈവറ്റ് സെക്രട്ടറി, 2 അസിസ്റ്റന്റ്, 1 ഓഫീസ് അറ്റൻഡന്റ്, 1 ഡ്രൈവർ എന്നീ തസ്തികകൾ കരാർ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വാഹനവും ഡൽഹി കേരള ഹൗസിൽ മുറിയും അനുവദിച്ചിട്ടുണ്ട്. ഡിഎ, ആകസ്മിക ചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള യാത്രാ അലവൻസും അനുവദിച്ചിട്ടുണ്ട്.

**(സി)** നിയമനം മുതൽ നാളിതുവരെ ഇദ്ദേഹം ഓണറേറിയം, ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നീ ഇനത്തിൽ എത്ര രൂപ കൈപ്പറ്റിയിട്ടുണ്ട്; വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രതിമാസം പരമാവധി 1,00,000/- രൂപ ഓണറേറിയം അനുവദിച്ചിട്ടുണ്ട്. പ്രത്യേക പ്രതിനിധിയ്ക്ക് വേണ്ടി പ്രൈവറ്റ് സെക്രട്ടറി, 2 അസിസ്റ്റന്റ്, 1 ഓഫീസ് അറ്റൻഡന്റ്, 1 ഡ്രൈവർ എന്നീ തസ്തികകൾ കരാർ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, വാഹനവും ഡൽഹി കേരള ഹൗസിൽ മുറിയും അനുവദിച്ചിട്ടുണ്ട്. ഡിഎ, ആകസ്മിക ചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള യാത്രാ അലവൻസും അനുവദിച്ചിട്ടുണ്ട്.

**(ഡി)** ഡൽഹിയിലെ സർക്കാരിന്റെ പ്രതിനിധി മൂലം സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നത് വിശദമാക്കാമോ?

**<u>മറുപടി:</u>** കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ, നിവേദനങ്ങൾ മുതലായവയിലെ തുടർനടപടികൾ ത്വരിതപ്പെടുത്തുവാനും ലഭ്യമാക്കുവാനും വേണ്ട ഇടപെടലുകൾ നടത്തുന്നു. വിദേശ

രാജ്യങ്ങളിലെ പ്രവാസി മലയാളികളുടെ വിവിധ വിഷയങ്ങൾ പ്രസ്തുത രാജ്യങ്ങളുടെ ഡൽഹിയിലെ സ്ഥാനപതികാര്യാലയങ്ങളുമായി ബന്ധപ്പെട്ട് പരിഹരിച്ചു പോരുന്നു.

**സെക്ഷൻ ഓഫീസർ**